**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ, എറണാകുളം ജില്ലയിലെ കീരംപാറ പഞ്ചായത്തിനെയും കുട്ടമ്പുഴ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടിയിൽ പെരിയാറിന് കുറുകെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണത്തിനായി 100 രൂപയുടെ ടോക്കൺ പ്രൊവിഷനോട് കൂടി വിവിധ ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തിയിരുന്നു. നിലവിലുള്ള തൂക്കുപാലത്തിനു സമീപം 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ ഭാഗമായി, കീരംപാറഗ്രാമ പഞ്ചായത്തും ശുചിത്വമിഷനും സംയുക്തമായി നടപ്പിലാക്കുന്ന കംഫർട്ട് സ്റ്റേഷന്റെ നിർമാണ പ്രവൃത്തികൾ തുടങ്ങിയിരിക്കുന്നത് അപ്രോച്ച് റോഡിനായി പ്രൊപ്പോസ് ചെയ്തിരിക്കുന്ന സ്ഥലത്തേക്ക് നീങ്ങി വരുന്നതായും, കെട്ടിടത്തിന്റെ പകുതിയോളം പാലത്തിന്റെ അപ്രോച്ച് റോഡിൽ കയറി വരുന്ന രീതിയിൽ കംഫർട്ട് സ്റ്റേഷന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്നതായും കാണുവാൻ സാധിച്ചു. ഈ വിഷയത്തിൽ ഒരു അന്തിമ തീരുമാനത്തിനായി കീരംപാറ പഞ്ചായത്ത് അധികൃതർ, റവന്യൂ അധികൃതർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ 24.08.2024- എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ മീറ്റിംഗ് കൂടിയതിന്റെ അടിസ്ഥാനത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ശുചിമുറിയുടെ നിർമ്മാണം നടത്തുന്നതിന് തീരുമാനമെടുക്കുകയും, PVIP അധികൃതർ കീരംപാറ പഞ്ചായത്ത് അധികൃതർക്ക് നൽകിയ NOC -യുടെ അടിസ്ഥാനത്തിൽ ആരംഭിച്ച ടി പദ്ധതിക്ക് മുൻഗണന നൽകേണ്ടതുണ്ട് എന്നും, പി. ഡബ്ല്യൂ. ഡി. ബ്രിഡ്ജസ് നിലവിൽ നിർദേശിച്ചിരിക്കുന്ന അലൈന്മെന്റ് ശുചിമുറിയുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ |

| | | | |
|---|---|---|---|
| | | | പുനക്രമീകരിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പുതിയ അലൈൻമെന്റിന് ആവശ്യമുള്ള ടോപോഗ്രാഫിക്കൽ സർവ്വേ പുരോഗമിക്കുന്നു. ആയത് പൂർത്തിയായി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ